നൽകി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് പ്രകാരവും, 26-5-2015-ലെ സ. ഉ. (കൈ) നമ്പർ 176/2015/തസ്വഭവ. പ്രകാരവും മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് അടിഞ്ഞുകൂടുന്ന ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ പദ്ധതിയും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറ്റുന്നതിനും താൽക്കാലിക സംഭരണ കേന്ദ്രങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആവശ്യാനുസരണം അതാത് നഗരസഭകൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പ് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തി വരുന്നുണ്ട്.

(സി) തെരുവുകളിൽ മാലിന്യം പരമാവധി കുമിഞ്ഞുകൂടാതിരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതിക്കാണ് പ്രോത്സാഹനം നൽകിവരുന്നത്. എന്നിരുന്നാലും പല നഗരസഭകളും തെരുവുകളിൽ പൗരൻമാർ വലിച്ചെറിയുന്ന മാലിന്യങ്ങൾ ശേഖരിച്ച് കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതികളിൽ സംസ്കരിച്ചുവരുന്നുണ്ട്. ആ സംസ്കരണ രീതികളിലൂടെ പാചകവാതകവും ജൈവവളവും ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നുണ്ട്.

നിർഭയ പദ്ധതിപ്രകാരമുള്ള കെട്ടിടം

94 (2927) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം ആലപ്പുഴ നഗരസഭയിൽ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ഈ കെട്ടിടം ഉപയോഗിക്കാൻ 2012-ൽ തീരുമാനിച്ചിരുന്നത്; 2012-ലെ നയരേഖയിൽ ഉൾപ്പെടാത്ത ഏതെങ്കിലും പദ്ധതിക്കായി ടി കെട്ടിടമോ, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ നൽകാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കെട്ടിടത്തിൽ നിർഭയ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ;

(ഡി) നിർഭയ പദ്ധതി വിഭാവനം ചെയ്യുന്ന സ്ത്രീ സുരക്ഷയും ശാക്തീകരണവും സ്വയം പര്യാപ്തതയും ഉതകുന്ന പ്രവർത്തനം നടത്തുന്നതിന് തയ്യാറായി ഏതെങ്കിലും അംഗീകൃത സന്നദ്ധ സഹകരണ സംഘങ്ങൾ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ അത് ആരൊക്കെയാണെന്നും അതുസംബന്ധിച്ച് എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിർഭയ പദ്ധതി പ്രകാരം ആലപ്പുഴ നഗരസഭയിൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) കത്ത് ലഭിച്ചതായി കാണുന്നില്ലായെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ബാധകമല്ല.

അമൃതനഗരം പദ്ധതി

95 (2928) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അമൃത നഗരം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുതപദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly